പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.911 09.08.2017-ലെ മറുപടി

രാമൻചാടി-അലിഗർ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ രാമൻചാടി-അലിഗർ കുടിവെള്ള പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിൽ ഉണ്ടായ കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ രാമൻചാടി-അലിഗർ കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ആവശ്യമായ പഠനം നടത്തി വരുന്നു. |
| ബി ഏത് ഏജൻസി മുഖാന്തിരമാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഇതിന്റെ നിലവിലെ സ്ഥിതി എന്താണ്; | ബി ജലഅതോറിറ്റിയുടെ പി.പി.ഡി വിഭാഗം തയ്യാറാക്കുന്ന ഡിസൈൻ പ്രകാരം പ്രൊജക്ട് ഡിവിഷൻ, മലപ്പുറം ആണ് പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നത്. ആയത് പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| സി ഈ പദ്ധതി ത്വരിതപ്പെടുത്തുന്നതിന് നാളിതുവരെ എന്തെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട്; ഏത് തലത്തിലാണ് കാലതാമസമുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി യും ഡി യും പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയിൽ ഭൂമി കൈമാറുന്നതിനാവശ്യമായ ചർച്ചകൾ പുരോഗമിച്ചു വരികയാണ്. |
| ഡി പദ്ധതിയുടെ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | |

Renuka Sankar

സെക്ഷൻ ഓഫീസർ